
# നിലാവ്





## ജി എച്ച് എസ് കുളിയാട്

2019- 2020

നിലാവ്








ജി എച്ച് എസ് കുളിയാട്

# സന്ദേശം

ഒറ്റവിരൽതുമ്പു കൊണ്ട് ലോകത്തെ വരുതിയിലാക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭാവി വാഗ്ദാനങ്ങളായ കുരുന്നുകൾ തങ്ങളുടെ സർഗാത്മകതയെ വികസിപ്പിച്ചെടുക്കുകയും അതിനെ കാലാനുസൃതമായി വരച്ചുവെക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന .വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .

സ്നേഹാശംസകളോടെ

ഹെഡ്മാസ്റ്റർ

ജി എച്ച് എസ്

കുളിയാട്



# ആമുഖം

ടെക്നോളജിയുടെ സ്വാധീനം എല്ലാരംഗങ്ങളിലും നിലനിൽക്കുന്ന സമകാലീന സാഹചര്യത്തിൽ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഞങ്ങളുടെ സ്കൂളിലെ
വിദ്യാർത്ഥികളുടേയും അദ്ധ്യപകരുടേയും സർഗ സൃഷ്ടികൾ ചേർത്തുകൊണ്ട്
ഞങ്ങൾഡിജിറ്റൽ മ്ഗസീൻ തയ്യാറായിരിക്കുന്നു. . ഇതിലെ
സൃഷ്ടികൾ ആസ്വദിക്കുകയും, മെച്ചപ്പെടുത്താനുള്ള വിലയേറിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ..........

ചീഫ് എഡിറ്റർ

## താളുകളിലൂടെ


.........6
ആമുഖം.........8
മധുരമില്ലാത്ത മിഠായി.........14
വർണ്ണപ്പൂമ്പാറ്റ.........24
ആദിഷ്റാം.എം രണ്ട് എ.........24
തോരാത്ത മഴ.........26
ഫാത്തിമത്ത് ഫിദ.കെ.........28
പത്ത് ബി.........28
ഓണം.........30
സുബാഷ് എ വി.........30
നഷ്ടപ്പെട്ട ശനിയാഴ്ച്ച.........32
യദുകൃഷ്ണൻ പി.പി 8 സി.........32
വർണരാജി.........34
ശാരദ പി വി.........36
പ്രവാസി.........38
.........40
മുഹമ്മദ് എൻ. എം പത്ത് ബി.........40
പട്ടം.........42
പെരുക്കം തീർക്കണം വിനയൻ കല്ലത്ത്.........42
യാത്രവിവരണം.........44
.........46
ബലിപ്പൂക്കൾ.........46
ശോഭ കെ.ബി.........46
.........48
കരിയില.........48
.........50
.........50
ഒരു ശനിയാഴ്ച്ച.........52
ഗോപിക യു.........52
ഒമ്പത്എ.........52
നന്മകൾ കരുതാം.........54
ഫാത്തിമ ടി.........54
സ്നേഹ സ്പർശം.........56
ജലീൽ എം.എ പത്ത് ബി.........58
പക്ഷിരാജാവായ കാക്ക.........60
ആദിഷ് റാം രണ്ട്.........60
അവിശ്വസനീയമായ കാഴ്ച്ച.........62

ഫാത്തിമത്ത് ഫിദ എ.പി.കെ 9 ബി....62
ഓർമ്മ....64
സ്നേഹ പി ഒമ്പത് എ....64
കാലത്തിന്റെ മാറ്റം കഥ....66
....66
തെങ്ങ്....70
ഫാത്തിമ ടി....70
ഒൻപത് എ....70
ഓർമമകൾ ഓട്ടും വരാന്തകൾ കവിത....72
പരിഷ്കാരി കഥ....76
ശ്രീദേവി....76
ഓർമ്മകളിൽ മഴപെയ്യുമ്പോൾ – ഒരുനാൾ ഉമ്മറത്തിണ്ണയിൽ....80
മഴ കവിത....84
....88

# മധുരമില്ലാത്ത മിഠായി

അവന്റെ കാലടിശബ്ദം ആ നാൽചുവരുകൾക്കുള്ളിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു.ഇന്നും താൻ വൈകിയാണ്-അവന്റെ മനസ്സിൽ കൂടി ചിന്തകളുടെ മഹാസാഗരം അലയടിടിക്കുന്നുണ്ടായിരുന്നു.ആ ചിന്തകൾ അവന്റെ നടത്തത്തിന്റെ വേഗത കുറച്ചു.അവൻ പതുക്കെ കോണിപ്പടി കയറാൻ തുടങ്ങി. കാലടി ശബ്ദം അവിടെയുള്ള സൗന്ദര്യത്തെ ഏറെ ബാധിച്ചു. ഒരു ഇരുളടർന്ന ജീവിതത്തിന്റെ ഗീതം പോലെ ആ ശബ്ദം ചുമരുകൾക്കിടയിൽ പ്രതിധ്വനിക്കുന്നതുപോലെ അവനു തോന്നി.അവൻ കോണിപ്പടികൾ കടന്ന് തന്റെ ക്ലാസിനെ ലക്ഷ്യമാക്കി നടന്നു.അൽപ്പം ഭയത്തോടെ അവൻ വാതിലിനടുക്കൽ നിന്ന് ക്ലാസിലേക്ക് നോക്കി 'സർ,അശ്വിൻ വന്നു.'- വാതിൽക്കൽ നിൽക്കുന്ന അവനെ കണ്ട് ക്ലാസിനുള്ളിൽ ഒരാൾ എഴുന്നേറ്റു പറഞ്ഞു.ഇപ്പോൾ അവന്റെ കണ്ണിൽ നിന്ന് ഭയത്തിന്റെനേർത്ത കണങ്ങൾ പുറത്തേക്ക് പ്രവഹിക്കുന്നുണ്ടായിരുന്നു.അവൻ മെല്ലെ ക്ലാസിനുള്ളിലേക്കു നോക്കി. കസേരയിൽ നീണ്ടുനിവർന്ന് കിടന്ന് കുറ്റൻ വയറും പോള്ളക്കണ്ണും ശ്രദ്ധപിടിച്ചു പറ്റുന്ന ആ മനുഷ്യൻ അവിടെ തന്നെ ഉണ്ട്.തന്റെ ക്ലാസധ്യാപകൻ.അവൻ അൽപ്പ സമയം കണ്ണുമിഴിച്ചു നിന്നു. അയാൾതന്നെ തന്നെ നോക്കുകയാണ്.ആ ചുവന്ന കണ്ണുകൾഅൽപ്പം കൂടി വിടർത്തിമേശപ്പുറത്തുള്ള ചൂരൽ കഷായം കയ്യിലെടുത്ത് കസേര പിന്നിലോട്ട് വലിച്ച് അയാൾ എഴുന്നേറ്റു.ആ ക്ലാസിനെ വിറപ്പിച്ചു കോണ്ടുള്ള നടത്തം ആരെയും ഭയപ്പെടുത്തുന്നതായിരുന്നു.അയാൾ അവന്റെ മുന്നിൽവന്നു നിന്നു. ഇന്നും നീ വൈകിയല്ലേ..... നിന്നോട് എത്ര പ്രാവശ്യം പറയണം... നീ പ്ലസ് വൺ വരെ ഒന്നാമനായിരുന്നല്ലോ...ഒരു വർഷം കോണ്ട് നിക്കെന്താ സംഭവിച്ചേ...-സാർ അവന്റെ ഉത്തരത്തിനു സമയം കോടുക്കാതെ ചോദിച്ചു. അവൻ ഒന്നും മിണ്ടാതെ തലകുനിച്ചു . ‘നിനക്കെന്താ പറ്റിയത് മോനെ..’ സാർ തന്റെ ശബ്ദം താഴ്ത്തി ചോദിച്ചു . അവൻ നിറയുന്ന കണ്ണുകളോടെ സാറിനെ നോക്കി . ബാഹ്യത്തിൽ സ്വഭാവഭംഗമുള്ളവനാണെങ്കിലും മനസിലെ നിഷ്കളങ്കത ആ നിറയുന്ന കണ്ണുകളെ തിരിച്ചറിയാനുള്ള കഴിവ് നൽകി. സാർ അവനോട് അകത്തു കയറൂ എന്ന മട്ടിൽ തല അനക്കി. അവൻ പതുക്കെ ക്ലാസിനകത്തേക്കു കയറി . ക്ലാസിലെ എല്ലാ കുട്ടികളുടെയും നോട്ടം അവന്റെ മേൽ

കേന്ദ്രീകരിക്കപ്പെട്ട അതോരു തീ പാറുന്ന നോട്ടമായിരുന്നു. അവൻ തന്റെ സ്ഥാനത്ത് വന്നിരുന്നു. 'എന്താടാ നിനക്കു പറ്റിയേ..നീ അതു നിർത്ത്,എന്തിനാടാ വെറുതെ...,അജയ് അവന്റെ അടുത്തേക്കു നീങ്ങിയിരുന്നു മന്ത്രിച്ചു. 'എനിക്കു കഴിയുന്നില്ലെടാ' അവൻ വിങ്ങിപ്പൊട്ടിയ കണ്ണുകളോടെ അവനെ നോക്കി പറഞ്ഞു.ആ കണ്ണുകളിൽ നിഷ്കളങ്കതയുടെ വെളിച്ചം പ്രസരിക്കുന്നുണ്ടായിരുന്നു.കറുപ്പിറങ്ങിയ ആ കണ്ണുകളിൽ പ്രയാസത്തിന്റെ നീർക്കടൽ കെട്ടി നിൽക്കുന്നുണ്ടായിരുന്നു. നിറഞ്ഞുകവിഞ്ഞൊഴുകിയ ആ കണ്ണുനീരിന് ഒരു വലിയ കഥ പറയാനുണ്ടായിരുന്നു. അജയ് അവന്റെ കണ്ണുകളിൽ നോക്കിക്കൊണ്ടിരുന്നു. അവൻ നിറഞ്ഞൊഴുകിയ തന്റെ കണ്ണുനീരിനെ തുടച്ചു മാറ്റി ഡസ്കിൽ കൈവച്ചു കമിഴ്ന്നു കിടന്നു. ഡസ്കിലേക്ക് അടർന്നു വീണ തന്റെ കണ്ണുനീരിലേക്ക് അവൻ നോക്കി. മങ്ങിക്കൊണ്ടിരുന്ന ഒരു കുഞ്ഞു വെളിച്ചം അവൻ അതിൽ കണ്ടു. ഓർമകളുടെ ഓളങ്ങളിൽ ഒഴുകി അവൻ മെല്ലെ കണ്ണടച്ചു.....

കുട്ടിക്കാലത്തെ തന്റെ അച്ഛന്റെ മരണം കുടുംബത്തെ മുന്നോട്ടുള്ള യാത്രയെ വല്ലാതെ പ്രയാസപ്പെടുത്തിയിരുന്നു.എന്നിരുന്നാലും തന്റെമകന്റെ ജീവിതത്തിനായി തന്റെ അമ്മ എരിഞ്ഞുകൊണ്ടിരിക്കുന്ന മെഴുകുതിരി പോലെ അണയാതെ നിന്നു.ജീവിതം അതിന്റെ കലിവേഷം ആടിയപ്പോഴും പതറാതെ ആ അമ്മ മനസ് തന്റെ മകന്റെ ഭാവിക്കായി നിലകൊണ്ടു.തന്റെ അമ്മയുടെ അധ്വാനത്തിന്റെ ഫലമെന്നോണം അവൻ പഠിച്ച് ക്ലാസിലെ ഒന്നാമനായി മുന്നേറി. അദ്ധ്യാപകരുടെ പ്രശംസ ഏറ്റുവാങ്ങി അഭിമാനത്തോടെ അവൻ വളർന്നു. അവസാനം പത്താം തരം പൊതു പരീക്ഷയിൽ അവൻ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങി തന്നെ പോറ്റി വളർത്തിയ അമ്മയുടെയും നാട്ടുകാരുടെയും കണ്ണിന്റെ കുളിർമയായി വന്നു. ജീവിതത്തിലെ സന്തോഷമായ നിമിഷങ്ങൾ കടന്നുപോകവേ ആണ് ആ ദിനം വന്നത്. ജൂൺ 20.പ്ലസ് വണ്ണിലേക്ക് നല്ല കോളേജിലേക്ക് അഡ്മിഷൻ കിട്ടി. വീട്ടിൽ നിന്ന് അമ്മയോട് യാത്ര പറഞ്ഞ് അവൻ സന്തോഷത്തോടെ ഇറങ്ങി ഇടവഴിയിലൂടെ മൂളിപ്പാട്ടും പാടി നടക്കാൻ തുടങ്ങി. പെട്ടെന്ന് മറുഭാഗത്തു നിന്ന് ഒരു ബൈക്കിൽ രണ്ട് യുവാക്കൾ വരുന്നത് അവൻ കണ്ടു. അവൻ ഒന്നും ശ്രദ്ധിക്കാതെ നടന്നു കൊണ്ടിരുന്നു.അവർ അവന്റെ അടുത്തെത്തിയപ്പോൾ ബൈക്ക് നിർത്തി അവനെ നോക്കി ടാ മോനെ, നിനക്ക് മിഠായി വേണോ, ഇന്ന് സ്കൂൾ തുറക്കുന്നതല്ലേ ഇത് വെച്ചോ.... രണ്ടിലൊരാൾ അവനു നേരെ ഒരു കടലാസുപോതി നീട്ടി പറഞ്ഞു. അവൻ അൽപ്പസമയം

പൊതിയിലേക്കു നോക്കി 'വേണ്ട ചേട്ടാ,എനിക്കു വേണ്ട' അവൻ പതുക്കെ പറഞ്ഞു. ‘അതിനെന്താ മോനെ വാങ്ങിച്ചോ സ്നേഹം കൊണ്ട് തരുന്നതല്ലേ....,ഞങ്ങൾ എല്ലാ കുട്ടികൾക്കും കൊടുക്കുന്നുണ്ട്..,മോനിത് വാങ്ങിക്ക്’’ അവരുടെ വാക്കുകളിൽ അന്തർലീനമായി കിടക്കുന്ന അപകടത്തെ ഉൾക്കൊള്ളാൻ അവന്റെ നിഷ്കളങ്കതയ്ക്കു സാധിച്ചില്ല. അവൻ ഓരോ തവണ നിരാകരിച്ചപ്പോളും അവർ കൂടുതൽ കൂടുതൽ അവനെ നിർബന്ധിപ്പിച്ചു.അവൻ അത് വാങ്ങുകയും പതുക്കെ മുന്നോട്ട് നടക്കുകയും ചെയ്തു. അവൻ ഇടവഴിയിൽനിന്ന് മായും വരെ അവർ അവനെ ത്തന്നെ നോക്കി നിന്നു. താനെന്തിനാണ് വേണ്ടാ എന്നു പറഞ്ഞത്, മിഠായി അല്ലെ , എല്ലാവർക്കും കൊടുക്കുന്നതുമാണ്, പിന്നെന്തിനാണ് താൻ വേണ്ടാ എന്നു പറഞ്ഞത് .അവൻ തന്റെ മനസിൽ ഉരുവിട്ടു കൊണ്ട് മെല്ലെ കടലാസുപൊതി അഴിച്ചു. രണ്ട്,മൂന്ന് മിഠായികൾ,പല നിറത്തിലുള്ള പൊതികൾ ,അവൻ പതുക്കെ കയ്യിലെടുത്ത് അതിന്റെ പൊതി അഴിച്ചു തിന്നാൻ തുടങ്ങി.ഇതുവരെ താൻ കഴിച്ചിട്ടില്ലാത്ത രുചി.പുതിയ അനുഭവം. ഇനിയും വേണം അവന്റെ മനസ്സാഗ്രഹിച്ചു. പതിയെ ഇടവഴിയിൽ അവൻ അവരെ കാണാൻതുടങ്ങുകയും അവൻ മിഠായി ചോദിച്ചുവാങ്ങാൻ തുടങ്ങുകയും ചെയ്തു.അവർ തിരിച്ച് പണത്തിന് ആവശ്യപ്പെട്ടപ്പോൾ തന്നെ പോറ്റി വളർത്തിയ അമ്മയോട് കള്ളം പറഞ്ഞ് പണം വാങ്ങിക്കാൻ തുടങ്ങി.തന്റെ പൊന്നു മകനുവേണ്ടി ജീവിക്കുന്ന ആ അമ്മ എന്തിനെന്നു ചോദിക്കാതെ തന്നെ അവൻ ചോദിക്കുന്ന വില കൊടുത്തുകൊണ്ടിരുന്നു.അങ്ങനെ അവൻ പണം കൊടുത്തു അവൻ മരണം വാങ്ങിക്കൊണ്ടിരുന്നു.ഓരോ ദിവസവും അവൻ ഇടവഴിയിൽ അവരെ കാത്തുനിൽക്കും. തന്റെ അമ്മ ചോര നീരാക്കിയ ഉണ്ടാക്കിയ ആ പണം കൊടുത്ത് അവനാ മിഠായികൾ വാങ്ങിക്കും. താൻ മിഠായിയല്ല കഴിക്കുന്നത് എന്നറിയുമ്പോഴേക്കും അവന് അത് ഒഴിവാക്കാൻ കഴിയാത്തവയായി മാറിക്കഴിഞ്ഞിരുന്നു.'ഞാൻ ചെയ്യുന്നത് എന്താണ്,എന്റെ അമ്മ രാപ്പകൽ അധ്വനിച്ച് എന്നെപരിപാലിക്കുന്നു.എനിക്കുവേണ്ടി ജീവിക്കുന്നു.എന്നാൽ,ഞാൻ... ആ അമ്മയുടെ വിയർപ്പൊഴുകിയ പണം കള്ളം പറഞ്ഞെടുത്ത് തെറ്റ് ചെയ്യുകൂട്ടുന്നു. എന്തൊരു അക്ഷന്തവ്യമായ അപരാധമാണ്.ഞാൻ എന്റെ ജീവിതത്തെ കാർന്നു തിന്നുകയാണ്.വൈകാതെ തന്നെ ജീവിതകണ്ണി അറ്റു പോയേക്കാം.ഇതൊക്കെ അറിഞ്ഞിട്ടും ഞാനെന്തിനാണ് അത് വാങ്ങിച്ചുകൊണ്ടിരിക്കുന്നത്...എനിക്കറിയില്ല...

പെട്ടന്നവൻ ഡെസ്കിൽ നിന്നെഴുന്നേറ്റു.ഏതോ ഓർമ്മയിൽനിന്ന് ഞെട്ടിയെഴുന്നേറ്റപോലെ അവൻ ചുറ്റിലേക്കും നോക്കി അജയ് തന്നെ തന്നെ നോക്കുകയാണ്.അൽപ്പസമയം അജയ് അവനെതന്നെ നോക്കിനിന്നു.അവൻ അശ്വിന്റെടുത്തേക്ക് ചേർന്നിരുന്നു.അവന്റെ പുറത്തു കൈവച്ചു പറഞ്ഞു:അശ്വിൻ ടാ...നിന്നെ എനിക്ക് മനസിലാക്കാൻ കഴിയും. നീ അത് ഒഴിവാക്കാൻ ശ്രമിക്ക്...നീ പണ്ടത്തെ അശ്വിനായി തിരിച്ചുവാ... ഇനി ആ വഴിയിലൂടെ വരരുത്...അവരുമായി കാണാനും പാടില്ല...നീ നിന്റെ പാവം അമ്മയെ ഓർത്തെങ്കിലും അത് വിട്ട് കളയ്...ആ വാക്കുകൾകൊപ്പം കണ്ണുനീരും പുറത്തുവന്നിരുന്നു.ഇതുവരെ മനസ്സിൻമതിലിൽ കെട്ടിനിർത്തിയ സങ്കടക്കടൽ കണ്ണുനീർത്തുകളായി പുറത്തേക്ക് അണപൊട്ടിയുഴകി.അവ കവിൾത്തടത്തിലൂടെ നിർത്താതെ അടർന്നൊഴുകി.തന്റെ ആത്മസുഹൃത്തിന്റെ വാക്കുകളാണവ.അവനെ നിർത്താതെ കരയാൻ പ്രേരിപ്പിച്ചത്.അന്നവന്റെ മനസ്സ് കാർമേഘാവൃതമായിരുന്നു.തന്റെ അമ്മയുടെ മുഖം അവൻ മുന്നിൽ കണ്ടുകൊണ്ടിരുന്നു.ജീവിതം പച്ച പിടിപ്പിക്കാൻ വേണ്ടി പാടുപെടുന്ന അമ്മ.അതുകൊണ്ട് തെറ്റുകൾ ചെയ്തു കൊണ്ടിരിക്കുന്ന താൻ.താനെന്തിനാണ് ഇനി ജീവിക്കുന്നത്...അവനന്ന് വേഗം തന്നെ വീട്ടിലെത്തി.അവൻ മെല്ലെ അടുക്കളയിലേക്ക് പോയി.അമ്മ അപ്പോഴും അടുക്കളയിൽ അച്ചാലും മുച്ചാലും നടന്ന് ജോലിചെയ്യുകയായിരുന്നു.മോൻ വന്നോ...... മോനവിടെ ഇരിക്ക് ... ഞാനിപ്പോൾ കറിയാക്കിത്തരാം ... ഇന്നു തീരെ വയ്യ മോനെ .... അതു കൊണ്ട കറി വയ്ക്കാൻ വൈകിയത് ഇപ്പോൾ ആവും .... മോനിവിടെ ഇരിക്ക്. തിരക്കിനിടയിൽ അടുക്കളവാതിൽക്കൽ നിൽക്കുന്ന മകനെ കണ്ട് അമ്മ വേവലാതി പ്പെട്ടു. അവനൊന്നും പറയാൻ കഴിഞ്ഞിരുന്നില്ല.തന്നെ ജീവനുതുല്യം സ്നേഹിക്കുന്ന അമ്മയോടാണല്ലേ താനിങ്ങനെ ക്രൂരത ചെയ്യുന്നതെന്ന് അവൻ ചിന്തിച്ചു.അവൻ വേഗം റൂമിനകത്തേക്കു പോയി വാതിലടച്ചു മതിയാവോളം കരഞ്ഞു.അവൻ ഒരു കടലാസും പേനെയുമെടുത്ത് റൂമിനടുത്തുള്ള ജനാലക്കരികിലിരുന്നു. അവൻ എഴുതുകയാണ്.സങ്കടം തീരുവോളം അവനെഴുതി.

എഴുതി എഴുതി അവൻ തന്റെ ജീവിതകഥയെഅതിൽ ആവിഷ്കരിച്ചു. ആ കഥയുടെ പേര് ഇതായിരുന്നു -മധുരമില്ലാത്ത മിഠായികൾ...........

വീണ്ടുമൊരു പ്രഭാതത്തിന് ലോകം സാക്ഷിയായി. ആരോ പത്രവാർത്തവായിക്കുകയായിരുന്നു. 'കഞ്ചാവിനടിമയായ പ്ലസ് വൺ വിദ്യാർത്ഥി ആത്മഹത്യ ചെയ്തനിലയിൽ കണ്ടെത്തി...........'



സഫ്ന അഷ്റഫ് പത്ത് എ



# വർണ്ണപ്പൂമ്പാറ്റ



പൂമ്പാറ്റ കൊച്ചു പൂമ്പാറ്റ
വർണ്ണച്ചിറകുള്ള പൂമ്പാറ്റ
പുള്ളിയുടുപ്പിട്ട പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
എന്തൊരു ചന്തം പൂമ്പാറ്റ
പൂമ്പാറ്റ കൊച്ചു പൂമ്പാറ്റ

**ആദിഷ്റാം.എം രണ്ട് എ**



# തോരാത്ത മഴ



അന്നും..... ഇന്നും...
ഓർമ്മകളെനിക്ക് സമ്മാനിച്ചത്
ദു:ഖം മാത്രം
എന്നും മനസിനെ കരയിപ്പിക്കുന്ന
വേദനകൾ മാത്രം....
അന്ന് ഇമകളും  ഓർമ്മകളും മനതാരും
പൊട്ടിച്ചിന്നിച്ചിതറുന്ന,
മഴത്തുള്ളികൾ പോലെ......
ഓർമ്മകളും മനസ്സും ഒരുമിച്ചൊഴുകുന്ന
ഒരു സങ്കടക്കടൽ പോലെ,
അറിയില്ലവർ ക്കൊരിക്കലും....
എവിടെ നിന്ന് തുടങ്ങണം?എങ്ങനെ പോകണം?
എവിടെ അവസാനിപ്പിക്കണം....
അറിയില്ല ഒന്നും അറിയില്ല....
പക്ഷ മനസ്സറിയാം
തന്റെ കൂടെയുള്ളത് നീറുന്ന ഓർമ്മകളാണെന്ന്
ഓർമ്മകൾക്കറിയാം താൻ കടന്നുകൂടിയിരിക്കുന്നത്
വേദനയിൽ വിങ്ങിപ്പൊട്ടുന്ന ഒരു മനതാരിയിലായിരുന്നെന്ന്...
മനസ്സിന്റെ മഴ തോരാറില്ലൊരിക്കലും
പെയ്യുന്ന ആർത്തുല്ലസിച്ച് പൊട്ടിച്ചിരിച്ചു കൊണ്ട്...
അതിനറിയില്ലല്ലോ അവൻ പൊട്ടിച്ചിരിക്കുമ്പോൾ
ഞാൻ പൊട്ടിക്കരയുകയാണെന്ന്.....
മനസ്സിനെ ശാന്തമാക്കി ഒന്ന് പുഞ്ചിരിക്കാൻ
ഒരുക്കം നടത്തുമ്പോൾ.....
നല്ല സുഖിപ്പിക്കുന്ന  ഓർമ്മകളെ തിരഞ്ഞു കൊണ്ടിരിക്കുമ്പോൾ..
ഞാനാദ്യം വരാം എന്ന പറഞ്ഞതാ ഓടിവരുന്നു
ആരാ?
ഓർമ്മകളിലൂടെ ദുഖങ്ങൾ,വേദനകൾ........
ഞാനവരോടു പറയേണ്ടു
എന്റെ മനതാരിലെ വേദനകൾ

ജി എച്ച് എസ് കുളിയാട്

എവിടെ ഞാനിറക്കി വെക്കുമെൻ ദുഖത്തിന്റെ ചാക്ക കെട്ടുകൾ ?
എങ്ങനെ മുന്നോട്ട് പോകുമീ
സങ്കടത്തിന്നാഴക്കടലിൽ നിന്ന് ....
എങ്ങനെ ഞാനൊന്ന് ശാന്തനായി പുഞ്ചിരിക്കും
എന്റെ മനസ്സിലെ മഴ തോരാതേ...
തോരുമോ ഈ മഴ ഈ ജന്മത്തിൽ
തളർത്തുമോ ഇവനെന്നെ മേലാകെ
എന്തിനാ ദുഖമേ,
നിനക്കെത്രയാളുണ്ട്  കൂടെക്കൂട്ടാൻ?
എന്നെ മാത്രമിങ്ങനെ കരയിപ്പിക്കണോ?
നിനക്കെന്നോട് ഇത്തിരി  സ്നേഹമുണ്ടെങ്കിൽ
നിനക്കൊന്ന് തോർന്നിറങ്ങി പ്പൊയ്ക്കൂടെ
എന്നെ എന്റെ വഴിയിലേക്കിറക്കി വിട്ടൂടെ?
നിനക്ക് പോവേണ്ട ഉദ്ദേശമുണ്ടെങ്കിൽ
പോവുമ്പോൾ നീ തന്ന ഓർമ്മകളെയും കൊണ്ട് പോവണം
എന്റെ മനസിനെ ഞാനിത്തിരി കുളിരണിയിപ്പിച്ചോട്ടേ..
അല്ലാതെ,
ഓർമ്മകൾ മാത്രമായി  ഈ പാരിതിൽ
ഓർത്തിരിക്കാനിനി എനിക്ക് വയ്യാഞ്ഞിട്ടാ....

**ഫാത്തിമത്ത് ഫിദ.കെ**

**പത്ത് ബി**

# ഓണം




എനിക്ക്
അത്തം കറുത്തിരുന്നിട്ടും
ഓണം വെളുത്തിരുന്നില്ല
കല്ലടുപ്പിൽ ഒട്ടിയ കലത്തിൽ
കഞ്ഞി മാത്രം
പാതി വയറുമായി
കമിഴ്ന്ന കിടന്ന പൂവിളി കേൾക്കാൻ
കുഴയുന്ന നാവ്
ഇടറുന്നകാല്
കരഞ്ഞുപ്രാർത്ഥിച്ചിട്ടുണ്ട്
വരരുത് ഒരിക്കലും ഓണമെന്ന്
പിൻതുടരുന്നുണ്ടെന്നെ
കറുത്തിരുണ്ടോരാ
ഓണനാളുകൾ



**സുബാഷ് എ വി**

# നഷ്ടപ്പെട്ട ശനിയാഴ്ച്ച

അന്ന് ഒരു ശനിയാഴ്ച്ചയായിരുന്നു. രാവിലെ പക്ഷികളുടെ നല്ല പാട്ടുകൾ കേട്ടുകൊണ്ടായിരുന്നു അപ്പു എഴുന്നേറ്റത്.ഒമ്പത് മണി ആകുമ്പോൾ അപ്പുവും അവന്റെ കൂട്ടുകാരുംചേർന്ന് കളിക്കാൻ വേണ്ടി പോയി . രാവിലെ നല്ല മഴക്കാറുണ്ടായിരുന്നു. അപ്പുവും കൂട്ടുകാരും ചേർന്ന് ബോളും എടുത്ത് മൈതാനത്തേക്ക് ഇറങ്ങി.കളിക്കാൻ വേണ്ടിയിറങ്ങിയതും മഴ കോരിച്ചൊരിയാൻ തുടങ്ങി. അപ്പുവും കൂട്ടുകാരും മൈതാന ത്തിനടുത്തുള്ള മാവിൻചോട്ടിലക്ക് വേഗം ഓടിപ്പോയി.ഒന്നു രണ്ടു മണിക്കൂർ വെര മഴ കനത്തുപെയ്തു. മഴ കാരണം കളി മുടങ്ങി.അപ്പുവും കൂട്ടരും വീട്ടിലേക്ക് പോയി.ഭക്ഷ ണം കഴിച്ച് അപ്പുവും കൂട്ടുകാരും മീൻ പിടിക്കാൻ പുഴയിൽ പോയി. പുഴയിൽ വെള്ളം കയറിയിരുന്നു. അവർക്ക് സങ്കടമായി. അവർവീട്ടിലേക്ക് പോയി. ആ ശനിയാഴ്ച്ച ആസ്വദിക്കാൻ പറ്റാത്തതിൽ അപ്പുവിനും കൂട്ടുകാർക്കും സങ്കടമായി.



**യദുകൃഷ്ണൻ പി.പി 8 സി**

ജി എച്ച് എസ് കുളിയാട്



# വർണരാജി

ഒളിചിന്നും പ്രഭാതത്തിൽ
സപ്ത വർണങ്ങളായോരോ കിരണവും
നിൻ കാന്തി രശ്മിയായ്
കുസുമങ്ങളിലേഴ വർണങ്ങളായ്

കാത്തുനിൽക്കു ഭൂമിതൻ
പുതുനാമ്പുകൾ ജീവനായ്
അമ്പിളിക്കല പോൽ വളയുന്ന
മേനിയോ സായന്തനത്തിലും

പകരുന്ന നിന്നരുണിമ
സസ്യലതാദികളിലൂർജമായ്
സിന്ദൂരച്ചുവപ്പോ സൂര്യനിൽ
ഗഗന പരവതാനിയിൽ നീലയും

തുവെള്ള തുവൽപോൽ തുഷാരവും
മഞ്ഞാട മഞ്ഞല ചാർത്തിയ സൂര്യകാന്തിയും
മരതകപ്പച്ചയോ ധരിത്രയും
വർണവൈലറ്റായി നാലുമണിപ്പൂവും

തമസ്സിന്നഗാതമായ് മർത്യൻ മനത്തിലും
എങ്കിൽലും ധവളവജ്രമായ്
സ്മരണമായി വിലസിടും
പ്രതീക്ഷയായ് വർണരാജിയായ്



**ശാരദ പി വി**

# പ്രവാസി

അവൾ കരയുകയാണ് പക്ഷേ എന്തുചെയ്യാനാണ് എനിക്ക് പോയല്ലേ പറ്റൂ. അച്ഛനും അമ്മയും സുഹൃത്തും ഒക്കയായിഅവൾക്ക് ഞാൻ മാത്രമേ ഉള്ളൂ. അവളെ കുളിപ്പിച്ചിറക്കി അണിയിച്ച് നിർത്തി. പിന്നെ ഞാനും ഒരുങ്ങി. പോകുന്ന വഴി പാലക്കാടുള്ളഅമ്മയുടെ അടുത്തേക്ക് പോകണം.അവെളെ അവിടെ
ഏൽപ്പിക്കാൻ ആണ്. ഞാൻ ചിന്നുവിനെയും ബാഗുമെടുത്ത് പുറത്തേക്ക് ഇറങ്ങി. ഇറങ്ങിയ പാടെ മുമ്പിൽ വന്നു നിന്നു. ഞാൻ പറഞ്ഞു 'റെയിൽവേ സ്റ്റേഷൻ' . അയാൾ ഒരു മൂളലും തന്ന് വണ്ടിമുന്നോട്ട് എടുത്തു. അവിടെ എത്തി. ട്രെെൻ ഒരു മണിക്കൂർ ലൈറ്റാണ്. ചിന്നുവിന് ഒരു ചായയും ബന്നും വാങ്ങി അവളെ എന്റെ അടുത്ത് ഇരുത്തി.
അമ്മയുടെ മരണ ശേഷം അവളെ ഞാൻ തനിച്ചാക്കിയില്ല. ചിന്നുവിന് അടുത്തമാസം പത്ത് വയസ് തികയുകയാണ്. ചിന്നു നല്ലോണം പഠിക്കുമായിരു
ന്നു. അമ്മ പോയ ശേഷം അവൾ പിറകിലാണെന്നാണ് ഹെഡ്മാഷ് പറഞ്ഞത്. അവളെ ഓർത്ത് എനിക്ക് നല്ല ആധിയുണ്ട്. എന്റെ അകൽച്ച അവൾക്ക് താങ്ങാൻ പറ്റുമോ ആവോ. അമ്മയോട് പതിനൊന്ന് മണിക്ക് എത്തുമെന്നാ പറഞ്ഞത്. എനികുറച്ച് വൈകും. ട്രെെൻ വന്നു. ചായ കുടിച്ച ശേഷം അവൾ ഉറങ്ങിപ്പോയി. അവളെയും തോളിലേറ്റി ബാഗുമായി ട്രെെനിൽ കയറി. പതിനൊന്ന് മണിക്ക് പാലക്കാട് എത്തി. കുട്ടി കൈകൾ പിടിച്ച അമ്മമാരെ അവൾ തുറിച്ച് നോക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ഓട്ടോ പിടിച്ച് പോണം. പിന്നെ കുറച്ച് നടക്കാൻ ഉണ്ട്. ഓട്ടോയിൽ കയറി അവൾ എന്നെ സ്നേഹത്തോടെ നോക്കി. എന്റെ മനസ്സ് ഒരു പൊട്ടിത്തെറിക്കായി കാത്തുനിന്നു.

കുറച്ച്നേരത്തെ നടത്തത്തിനു ശേഷം വീട്ടിലെത്തി. ചിന്നുവിനായ് ഒരു ചെറിയ പട അവിടെ ഉണ്ടായിരുന്നു. കയറിയപാടെ ഞാൻ പറഞ്ഞു. 'എനിക്ക് വേഗം പോണം. ഇപ്പം പോയാൽ ഒരു ട്രെെൻ ഉണ്ട്'. അമ്മയുടെ കയ്യിൽ കുറച്ച്

പണം നൽകി ഞാൻ തല തിരിച്ചു. അവരൊന്നും മിണ്ടിയില്ല.ഞാൻ ചിന്നുവിന് നേരെ നീങ്ങി.അവളെ കെട്ടി പിടിച്ച് ഒരു ചുടുചുംബനം നൽകീ. ഞാൻ പടിയിറങ്ങി. ഒരു പ്രാന്തിയെ പോലെ അവൾ ആർത്തുകരഞ്ഞു.  കായലും കടലും കടന്ന് അച്ഛാ 'എന്നൊരു പെൺ വിളി.ആ നിമിഷം ഞാൻ പൊട്ടിത്തെറിച്ചു. ഒരു
പ്രാന്തനെ പോലെ..........



**മുഹമ്മദ് എൻ. എം        പത്ത്  ബി**

# പട്ടം




കുഞ്ഞേ... മഴ പെയ്ത്തീൽ
നിമിഷാർദ്ധത്തിൽ
മണ്ണിനടിയിലേക്ക്
ആഴ്ന്നപ്പോൾ....
നീ തന്ന പട്ടത്തിൻ
ചരടുമാത്രമീ
ചൂണ്ടു വിരൽ കുരുക്കിൽ
പിണഞ്ഞു നിൽപൂ
മണ്ണിനടിയിൽ
നിന്നാകാശത്തിൻ
നെറുകയിലേക്ക്
വരഞ്ഞ മഴവില്ല് പോലെ
അമ്മ തൻ നാഭയിൽ നിന്ന്
മുറിയാത്തൊരു പൊക്കിൾകൊടി
കുഞ്ഞേ...ഏതു മഴപെയ്ത്തിലും
നീയൊരു പട്ടമായ് പറക്കണം
പൊട്ടാത്ത ചരടീമണ്ണിനടിയിലെ
ചതഞ്ഞ വിരലുകളിൽ

**പെരുക്കം തീർക്കണം**

**വിനയൻ കല്ലത്ത്**

# യാത്രവിവരണം

ഈ കഴിഞ്ഞ ജൂലായിൽ ഞങ്ങൾ ഒരു യാത്ര പോയിരുന്നു. ജൂലായ് 18 ന്9 ദിവസത്തേക്ക് ഞാൻ
ലീവെടുത്ത അങ്ങ് ഉത്തർപ്രദേശിലേക്കാണ് പോയത്. 18 ന് പുറപ്പെട്ടു. മംഗളലക്ഷദീപ് സൂപ്പർ ഫാസ്റ്റ്
എക്സ്പ്രസിനായിരുന്നു യത്ര.21 ന് ഞങ്ങൾ താജ്മഹലിന്റ് അടുത്തേക്ക് പോകാൻ റൂമെടുത്തു. കുളിച്ച്
ഡ്രസ്സൊക്കെ മാറ്റി ഞങ്ങൾ നേരെ താജ്മഹലേിലക്ക് ടാക്സിയിൽ പോയി. ഉള്ളിലേക്ക്
ഇരുചക്രവാഹനങ്ങെളെ കടത്തിവിടൂ. ഒരു സ്കൂട്ടി പോലുള്ള ഓട്ടോയിലാണ് നമ്മൾഉള്ളിലേക്ക
പോയത്. താജിന്റ് അകത്ത് കടക്കാൻ ടികാകറ്റ് എടുത്തു.അവിടെ ഭയങ്കരചൂടായിരുന്നു.  ഞങ്ങൾ
കോട്ടയുടെ ഉള്ളിലേക്ക് കയറിയില്ല. യമുനാന
ദിയുടെ തീരത്താണ് താജ്മഹൽ. യമുനാനദി കണ്ടു. അത് വറ്റിവരണ്ടിരിക്കുന്നു. ഞങ്ങൾ ഡെൽഹി
ടൗണിൽ കഠിനമായചൂട് കാരണം  പോയില്ല. യാത്രയിൽ എനിക്ക് പനി ഉണ്ടായി
രുന്നു. തിരിച്ച് ആഗ്ര റയിൽവേസറ്റഷനിലേക്ക് പോകുമ്പോൾ ഝാൻസിറാണിയുടെ രണ്ട്
പ്രതിമകൾ കണ്ടു. തിരിച്ച് ജാൻസിയിലേക്ക് പോകാൻ ട്രൈനിൽ കയറി. 8 മണിക്ക്
ജാൻസിയിലെത്തി. അവിടുന്ന് ബബീന കന്റയിലേക്ക് പോയി. അവിടെയാണ് എന്റ ആപ്പനും
കുടുംബവും താമസിക്കുന്നത്. പോകുന്നവഴി ഗാന്ധിജിയും അനുയായീകളും ദണ്ഡിമാർച്ച്  നടത്തിയ
പ്രതിമ ഉണ്ടായിരുന്നു. ധാരാളം പീരനങ്കികളുടെ പ്രതിമ ഉണ്ടായിരുന്നു.ഒരു യുദ്ധ
ടാങ്കറും ധാരാളം പട്ടാളക്കാരും അവിടെ ഉണ്ടായിരുന്നു.അവിടെ എത്തി ഒരു ദിവസം റെസറ്റ്
എടുത്ത ശേഷം സുശ്മദുശ്മധാം സന്ദർശിച്ചു.വരുമ്പോൾമാർക്കറ്റിൽ കയറി. അവിടെ സാധനങ്ങ
ൾക്ക് വളെര വില കുറവാണ്. കുറച്ച് ദിവസം അവിടെ നിന്ന് വീട്ടിലേക്ക് പുറപ്പെട്ടു.  തിരിച്ച്
വരുമ്പോൾ മഹാരാഷ്ട്രയിൽ കനത്ത മഴ കാരണം 3 മണിക്കൂർ ട്രൈയിൻ നിർത്തിയിട്ടിരുന്നു.
28 ന് ആണ് നാട്ടിൽ എത്തിയത്. ട്രൈയിൻ വരുമ്പോൾ ഒരുപാട് ഗോതമ്പ് പാടവും കരിമ്പി
ൻതോട്ടങ്ങളും കണ്ടു.ഏറ്റവും കൂടുതൽ ഗോതമ്പും കരിമ്പും ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമാണ് യു പി.
ഗോതമ്പു പാടങ്ങളിൽ മാനുകളും മയിലുകളും
ഉണ്ടായിരുന്നു. കൊങ്കൺ വഴിയാണ്
വന്നത്.  കൊങ്കൺ വഴി യാത്ര ചെയ്യുമ്പോൾ
പശ്ചിമഘട്ടം മലനിരകൾ  കണ്ടു. ഈ യാത്ര
എനിക്ക് പുതിയ അനുഭവമായിരുന്നു.

സരയൂ എം പി .  നാലാം തരം ബി



ജി എച്ച് എസ് കുളിയാട്

# ബലിപ്പൂക്കൾ




ചിറകരിയും മുമ്പോർക്കുക പക്ഷിതൻ
കരളിലെക്കൈയ്യൊ ശസ്ത്രമൂരുവാൻ
ത്തുവലോരോന്നും പറിച്ചെട്ടുത്തുന്മാദ-
നടനം നടത്തുമ്പോഴോർക്കുക
ഉണ്ടായിരുന്നതിൻ മിഴികളിൽ
ഒരു നവ്യ സ്വപ്നലോകം
ഒരു കുഞ്ഞുടുപ്പിനായ്, മധുവൂറും
പലഹാരത്തിനായ്, കഥയറിയാതെ
കൈനീട്ടും കിളിക്കുഞ്ഞിനെ
ച്ചുട്ടുതിന്നുമ്പോളോർക്കുക
അതിൻ ശീതഹൃദയത്തുടിപ്പിലുമുണ്ടൊരു
വർണ്ണോജ്വലമാം കൊച്ചുലോകം.



**ശോഭ കെ.ബി**

# കരിയില

മലർ അവൾ ഇന്ന് പോവുകയാണ് മലർ എന്നത് അവളുടെപേരാണ്.അവൾക്ക് അമ്മയുണ്ടായിരുന്നില്ല.ഏതുനേരവും കുടിച്ച് കൂത്താടി നടക്കുന്ന പേരിനൊരച്ഛൻ.അമ്മയുടെ മരണം അവളുടെ ജീവിതത്തെ കരിയില പോലെ പാറിച്ചു.അച്ഛന്റെ മുഴുക്കുടി കാരണം അവളെപഠിപ്പിക്കാനോ ശ്രദ്ധിക്കാനോ ആളുണ്ടായിരുന്നില്ല. അച്ഛൻ വരുന്നത് കാണുന്ന മകൾ ശ്രദ്ധിച്ചത് അച്ഛന്റെ മുണ്ടിന്റ ഇടയിൽ തൂങ്ങിക്കിടക്കുന്ന മദ്യക്കുപ്പിയിലായിരുന്നു.ഈ കാഴ്ച നിരന്തരം കണ്ടുവരുന്ന മലരിന് ഒരാഗ്രഹം അതൊന്ന് രുചിച്ച് നോക്കണം മുണ്ടിന്റെ ഇടയിലുള്ള ആ കുപ്പി കുളിക്കാൻ പോവുമ്പോൾ മാത്രമേ അച്ഛൻ പുറത്ത് വെക്കുകയുള്ളൂ

ഒരു ദിവസം അച്ഛൻ കുളിക്കുന്ന തക്കം നോക്കി അവൾ ആ മദ്യം മറ്റൊരു കുപ്പിയിലേക്ക് കുറച്ച് ഒഴിച്ച് വെച്ചു. കള്ളിന്റെ മത്തിലായത് കൊണ്ട് അച്ചന് മനസിലായില്ല. ആ മദ്യം രുചിച്ച മലർ അതിന് അടിമയായി അതൊരു ലഹരി യായി മാറി. പിന്നെ ദിവസവും അത് തുടർന്നു.അവളുടെ കൂട്ടുകാരികളുമായി അവൾ അത് പങ്ക് വച്ചു.അവരേയും ആ പെരുംകുഴിയിലേക്ക് ചാടിച്ചു.നിരന്തരമായ ഈ മദ്യപാനം അവൾ ശീലമാക്കി. മദ്യം അവളുടെ നിഷ്കളങ്കതയെ അടിച്ചമർത്തി.അവൾ ആരോടും സംസാരിക്കാതായി.ഇടയ്ക്കിടെ അച്ഛന് ചില സംശയം തോന്നിയിരുന്നു.പക്ഷേ അച്ഛൻ അത് കാര്യമാക്കിയില്ല.ഒടുവിൽ അവളുടെ കരളിനെ മാരകമായ ക്യാൻസർ പിടികൂടിയിരുന്നു. ഒരു ദിവസം അച്ഛൻ മദ്യപിക്കാതെ വന്നു.മദ്യം കിട്ടാതായപ്പോൾ അവളുടെ മാനസ്സിക നില തെറ്റി.ഇത് മനസ്സിലായ അച്ഛൻ അന്ന് രാത്രി മുഴുവൻ

കരഞ്ഞു.പിറ്റേന്ന് രാവിലെ അച്ഛൻ മലരിന്റെ മുറിയിലെത്തി അപ്പോളേക്കും അവളെ മരണം കീഴടക്കിയിരുന്നു.... അവളിൽ നിന്ന് അച്ഛാ എന്നൊരു പെൺ വിളി.....പെട്ടെന്ന് അച്ഛൻ ഞെട്ടിയുണർന്നു അതൊരു സ്വപ്നമായിരുന്നു. ഈ സ്വപ്നം അച്ഛന്റെ മദ്യപാനത്തെ എന്നെന്നേക്കുമായി ഇല്ലാതാക്കി...........

മുഹമ്മദ് അജ്മൽ.എൻ

പത്ത് ബി



# ഒരു ശനിയാഴ്ച

ഇന്ന് ഒരു ശനിയാഴ്ചയായിരുന്നു. ഇന്ന് സ്കൂൾ ഇല്ലാത്തതുകൊണ്ട് ഞാൻ വളരെയധികം സന്തോഷച്ചു.ഞാനും എന്റെ അമ്മയും അച്ഛനും നാട്ടിൽ പോകാൻ ഒരുങ്ങുകയാണ്.അമ്മയുടെ പേര് ഗീത അച്ഛന്റെ പേര് സുരേഷ് എന്റെ പേര് അശ്വതി വീട്ടിൽ അച്ചു എന്നാണ് വിളിക്കുന്നത്.ഒരു കുന്നിന്റ ചെരുവിലാണ് എന്റെ വീട്. കാറിനാണ്ഞങ്ങൾ അവിടേക്ക് പോകുന്നത്. ഞങ്ങൾ ഇറങ്ങി.മരങ്ങളും പൂക്കളും വലിയ വലിയ കെട്ടിടങ്ങളും കണ്ട് അങ്ങനെ പോയി.കാർ നിർത്തി അച്ഛൻ എനിക്ക് ഐസ്ക്രീം വാങ്ങിത്തന്നു.അങ്ങനെ ഞങ്ങൾ വീട്ടിലെത്തി.അവിടെ ഞങ്ങളെ കാത്തുനിൽക്കുകയായിരുന്നു.ഞങ്ങൾ
ഉച്ചഭക്ഷണം കഴിച്ചു.അതു കഴിഞ്ഞ് ഞാനും അമ്മമ്മയു സംസാരിച്ചിരുന്നു.അമ്മമ്മ എനിക്ക് കഥ പറഞ്ഞു തന്നു.അപ്പുറത്തെ വീട്ടിൽ തന്റെ കൂട്ടുകാരി ഉണ്ടായിരുന്നു. അവൾ അവിടേക്ക് പോയി.അവർ അവിടെ കളിച്ചുനടന്നു.അവളുടെ വീട്ടിൽ അപ്പു എന്ന നായ ഉണ്ട്.അതിനെ അച്ചുവിന് വളരെ ഇഷ്ടമായിരുന്നു.അവളുടെ ഒപ്പരം കളിച്ച് സമയം പോയതറിഞ്ഞില്ല.അച്ചു വേഗം കുളിച്ച് അത്താഴം കഴിച്ചു.വേഗം തന്നെ കിടന്നുറങ്ങി.പിന്നെ രാവിലെ എഴുന്നേറ്റു.അച്ചുവിന് അന്ന് വളരെ വിഷമിച്ചു.കാരണം ഇന്ന് അവർ വീട്ടിലേക്ക് പോകുന്ന ദിവസമാണ്.അവർ വീട്ടിലേക്ക് പുറപ്പെട്ടു.അച്ചുവിന് സങ്കടം മാറിയതേ ഇല്ല.അവർ വീട്ടിലെത്തി.
അവിടെ നിന്നവർ സന്തോഷത്തോടെ ജീവിതം മുന്നോട്ട് കൊണ്ട് പോയി.

**ഗോപിക യു**

**ഒമ്പത്എ**



# നന്മകൾ കരുതാം

മലയും കുന്നുമിടിക്കരുതേ
മാമരമൊന്നും കളയരുതേ
പുഴയെക്കുരുതി കൊടുക്കരുതേ
തണ്ണീർത്തടമത് നികത്തരുതേ
അരുതരുതിങ്ങനെ കാട്ടരുതേ
പ്രകൃതി തൻ അരിശം കൂട്ടരുതേ
മാമലയങ്ങനെ നിൽക്കട്ടെ
മഴവെള്ളത്തെത്തടയട്ടെ
പുഴയതു നന്നായൊഴുകട്ടെ
വെള്ളം കടലിൽ ചേരട്ടേ
പ്രകൃതിയെ സ്നേഹിച്ചീടുകിലേ
മാനവിനിവിടെ വാണീടാം
പ്രകൃതിയെ ദ്രോഹിച്ചീടുകിലോ
ഒക്കെ നശിക്കാനിടയാവും
കരുതിയിരിക്കുക സോദരരേ
കരുതാം നന്മകൾ നാളേയ്ക്കായ്

ഫാത്തിമ ടി

# സ്നേഹ സ്പർശം

അവൾ  ഇനി ഉയർന്ന ക്ലാസിലേക്ക് പഠിക്കാൻ പോവുകയാണ്.അവളുടെ വിദ്യാഭ്യാസതത്തിന് ചിലവുകൾ വിചാരിച്ച് നീലിയുടെ അമ്മ വിഷമിക്കുകയായിരുന്നു.പത്താം ക്ലാസിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടിയ അവൾ പഠിത്തത്തിൽ വളരെ ശ്രദ്ധ ചെലുത്തുമായിരുന്നു.നീലിക്ക് നല്ല സ്കൂളിൽ അഡ്മിഷൻ കിട്ടിയിരുന്നു.ആദ്യ ഫീസായ 500 രൂപ അവളുടെ അമ്മ അലമാരയിൽ തിരഞ്ഞ് കണ്ടു പിടിച്ചു.അവളുടെ അച്ഛൻ അവരെ ഉപേക്ഷിച്ചു പോയിരുന്നു.നീലിയോട് അവളുടെ അമ്മ പറഞ്ഞത് അച്ഛൻ മരിച്ചു എന്നാണ്.അവൾ അത് വിശ്വസിച്ചിരുന്നു.എന്നാൽ അമ്മയും അച്ഛനും തമ്മിലുണ്ടായ പ്രശ്നത്തിന്റെ പേരിൽ അവരെ ഉപേക്ഷിച്ചതായിരുന്നു. എന്നാൽ ഇപ്പോൾ അമ്മയ്ക്ക് അതിൽ വിഷമമുണ്ട്.അവൾ സന്തോഷത്തോടെ സ്കൂളിലേക്ക് പ്രവേശിച്ചു.അവൾക്ക് വളരെ സസനന്തതോഷമായി.നീലി സ്കൂൾ വിട്ട് വന്ന് അമ്മയോട് പുസ്തകത്തിനന്റെ പൈസ ചോദിച്ചു.അമ്മയുടെ കൈയിലുണ്ടായിരുന്ന 1000 രൂപ അവൾക്ക് അടുത്ത ദിവസം കൊടുത്തു. അമ്മയുടെ കൈയിൽ ആകെ ഉണ്ടായിരുന്ന പൈസയായിരുന്നു അത്.അവളോട് അമ്മ പറഞ്ഞു.മോളെ ഇനി എന്താവശ്യത്തിനും എന്റെ കൈയിൽ പൈസയില്ല.ആകെയുണ്ടായിരുന്ന പൈസയാണത്.ഇനി ഒരൊറ്റ രൂപപോലും ആരുടെയും കൈയിൽ നിന്ന് വാങ്ങാൻ ആവുകയില്ല;എല്ലാവരോടും ഇപ്പോൾ വലിയ കടമുണ്ടാക്കി വച്ചിരിക്കുകയാണ്.നിന്റെ ഈ അമ്മ;അതുകൊണ്ട് മോളിനി പഠിക്കാൻ പോകേണ്ട.അവളുടെ കണ്ണ് നിറഞ്ഞു.അവൾ വാശി പിടിച്ചു.ഒടുവിൽ ആ വാശിക്ക് അമ്മ വഴങ്ങേണ്ടി വന്നു.ഒരു ദിവസം അവൾ വീട്ടിലേക്ക് വരുമമ്പോൾ ഒരാളെ കണ്ടു.അയാൾ നീലിയോട് അവളുടെ  വിലാസം ചോദിച്ചു.അവൾ പറഞ്ഞു.അച്ഛനെ അയാൾ ചോദിച്ചതും അവൾക്ക് വിഷമമായി.അവൾ വിഷമത്തോടെ 'അച്ഛൻ മരിച്ചു' എന്നു പറഞ്ഞു.അപ്പോഴാണ് നീലി ആരെന്ന് അയാൾക്ക് മനസ്സിലായത്.അയാൾ ഉടനെ പറഞ്ഞു.നിന്റെ അച്ഛൻ മരിച്ചിട്ടില്ല.ഈ കായലും പുഴയും കടന്നാൽ നിനക്ക് അവിടെ നിന്റെ അച്ഛനെ കാണാം.ഞങ്ങൾ നല്ല കൂട്ടു

കാരാണ്.നിന്റെ അച്ഛന്റെ പേര് കൃഷ്ണൻ എന്നാണ്.നിന്റെ അച്ഛന് ആവശ്യത്തിലേ
റെ സ്വത്തുണ്ട്.പക്ഷെ നിന്റെ അച്ഛൻ വേറെ വിവാഹം കഴിച്ചില്ല.നിന്റെ അമ്മയും
അച്ഛനുമുണ്ടായ തർക്കത്തിൽ അച്ഛൻ നിങ്ങളോട് പിണങ്ങിപ്പോയതാണ്.എന്നാ
ലും നിങ്ങളോട് അച്ഛന് ഇപ്പോഴും ഇഷ്ടമാണ്.അത് എന്നോട് എപ്പോഴും പറയാറു
ണ്ട്.ഒരിക്കൽ നിന്നെ അവിടെ കൂട്ടിക്കൊണ്ട് പോവണമെന്ന് എന്നോട് പറഞ്ഞി
ട്ടുണ്ട്.നേരം വൈകി മോളെ പിന്നീട് കാണാം.അവൾ വീട്ടിലെത്തിയ ഉടനെ അമ്മ
യോട് കാര്യം പറഞ്ഞു.'എന്തിനാ അമ്മ എന്നെ വിഷമിപ്പിച്ചത്.അച്ഛൻ നിങ്ങളോട്
പിണങ്ങിപ്പോയെന്ന് വെച്ച് എന്നോട് നുണ പറയണോ അമ്മേ..' അമ്മ വളരെ വി
ഷമിച്ചു.അവർക്ക് കുറ്റബോധം തോന്നി നീലിയോട് ക്ഷമ ചോദിച്ചു.അവൾ ദുഃഖ
ത്തോടെ അമ്മയെ കെട്ടിപ്പിടിച്ചു.അവൾ അമ്മയോട് പറഞ്ഞു.ഞാൻ ഒരിക്കൽ എന്റെ
അച്ഛനെ കാണാൻ പോകും അമ്മെ.അവൾ അടുത്ത ദിവസം അയാളെ
വീണ്ടും കണ്ടു.ചേട്ടാ എന്നെ എന്റെ അച്ഛന്റെ അടുത്ത് എത്തിക്കാമോ.ഞാൻ അച്ഛ
നെ ഒരു നോക്കെങ്കിലും കണ്ട് തിരികെ വന്നോളാം.അയാൾ സമ്മതിച്ചു.അവൾ അ
ടുത്ത ദിവസം അമ്മയോട് സമ്മതം വാങ്ങി.പിറ്റേന്ന് അവൾ അയാളോടൊപ്പം യാത്ര
തിരിച്ചു.കായലുകളും പുഴകളും കടന്ന് അവൾ അച്ഛന്റെ അടുത്തെത്തി.അവ
ളെ കണ്ടയുടൻ അച്ഛന് സന്തോഷമായി.അവൾ അച്ഛാ.. എന്ന് വളരെ ശബ്ദത്തിൽ
വിളിച്ചു.അവളുടെ അച്ഛാ എന്ന വിളിയിൽ അയാൾ സന്തോഷവാനായി. ആ ദിവസം
അവളുടെ കൂടെ നാട്ടിലേക്ക് തിരിച്ചു.അവളുടെ അമ്മ രണ്ടുപേരെയും സന്തോഷത്തോടെ
വീട്ടിലേക്ക് സ്വീകരിച്ചു.അവർ പിന്നീട് സന്തോഷത്തോടെ
ജീവിച്ചു.



**ജലീൽ എം.എ**

**പത്ത് ബി**

# പക്ഷിരാജാവായ കാക്ക

ഒരു കാട്ടിൽ ഒരു പക്ഷി രാജാവുണ്ടായിരുന്നു. മഹാ അഹങ്കാരിയായിരുന്ന പക്ഷിരാജൻ.പക്ഷിരാജൻ പക്ഷികളെയെല്ലാം ഉപദ്രവിക്കുമായിരുന്നു.പക്ഷികളെല്ലാം 'പക്ഷിരാജനെ ഒരു പാഠം പഠിപ്പിക്കണം'.കാക്കയാണ് ആ സൂത്രം പറഞ്ഞത്.ഒരു പക്ഷി പോയി രാജാവിനോട് ഇങ്ങനെ പറഞ്ഞു.രാജാവ് ആ മരക്കൊമ്പ് ഒടിച്ചാൽ താങ്കൾ തന്നെ രാജാവാകും.അതല്ല കാക്കയാണ് മരക്കൊമ്പ് ഒടിക്കുന്നതെങ്കിൽ കാക്കയായിരിക്കും അടുത്ത പക്ഷിരാജൻ. പക്ഷിരാജൻ എത്ര ശ്രമിച്ചിട്ടും മരക്കൊമ്പ് ഒടിക്കാൻ കഴിഞ്ഞില്ല.അടുത്തത് കാക്കയുടെ ഊഹമാണ്.കാക്ക താനിരുന്ന മരം നേരത്തെ കൊത്തിവെച്ചിരുന്നു.കാക്ക ഇരുന്നതും മരക്കൊമ്പ് ഒടിഞ്ഞ് താഴെ വീണു.അങ്ങനെ കാക്ക വിജയിച്ചു.അങ്ങനെ എല്ലാ പക്ഷികളും കാക്കയെ പക്ഷിരാജാവാക്കി.

**ആദിഷ് റാം** **രണ്ട്**



# അവിശ്വസനീയമായ കാഴ്ച.....

അന്നൊരു ശനിയാഴ്ച്ചയായിരുന്നു. സൂര്യൻ കിഴക്കൻ ചക്രവാളത്തിൽ നിന്ന് കുളിച്ചൊരുങ്ങി സുന്ദരിയായ യുവതിയായിട്ട് വന്നിരിക്കുന്നു. അന്തരീക്ഷത്തിൽ കിളിയുടെ മന്ത്രനാദം നിറ-നിറഞ്ഞിരിക്കുന്നു. ജനാലയിലൂടെ വന്ന സൂര്യകിരണങ്ങൾ സാബിയെ ഉണർത്തി.അവൻ മുറ്റത്തേക്കിറങ്ങി. മുത്തശ്ശിമാവിൻ ചോട്ടിൽ വീണുകിടക്കുന്ന പഴുത്തമാവില എടുത്തു. തന്റ് പല്ല് അതു കൊണ്ട് തുടക്കാനായ് കിണറ്റിൻ കരയിലെത്തി അപ്പോൾ ആണ് അവൻ അത് ശ്രദ്ധിച്ചത്. കിണറ്റിനപ്പുറം ചെറിയ മുളങ്കാട് . അതിന്റ വിടവിലൂടെ അയലത്തെ വീട് കാണാം. അവിടെ നിറയെ ആളുകൾക്കൂടിയിരിക്കുന്നു.അവൻ വേഗം അകത്തേക്ക് ഓടി.അമ്മയെ തിരക്കി പക്ഷെ അമ്മ അവിടെഎങ്ങുമില്ല. അവൻ തന്റെ വള്ളിട്രൗസർ ഇട്ടു കൊണ്ട് അയലത്തേക്കോടി.അവിടെ കൂടിയിരിക്കുന്ന ആളുകളുടെ ഇടയിൽകൂടി അവൻ ഞെരുങ്ങിക്കേറി. അകത്ത് ഒരു കട്ടലിൽ വെള്ള പുതച്ച് ഒരു ശരീരം. അവന്റെ കണ്ണിൽ ഇരുട്ടു കയറുന്ന പോലെ, തന്റെ പ്രിയ സ്നേഹിതൻ.......അനന്തു.



**ഫാത്തിമത്ത് ഫിദ എ.പി.കെ**

**9 ബി**

# ഓർമ്മ

അന്നൊരു ശനിയാഴ്ച്ചയായിരുന്നു. അന്നാണ് എന്റ ജീവിതത്തിൽ മറക്കാനാവാത്ത ഓർമകൽ തന്ന ദിവസമായിരുന്നു. ഞാനും എന്റെ ഫാമിലിയും ഒരു യാത്ര പോയി.മുത്തശ്ശിയുടെ കൂടെ കഥ പറഞ്ഞ് പോകാമെന്ന് കരുതി. അച്ഛന്റെ ആദ്യ ശമ്പളം കിട്ടിയ ദിവസമായിരുന്നു ഞങ്ങളുടെ യാത്ര. ഓണത്തിന് ഡ്രസ്സൊക്കെ വാങ്ങാം എന്നുകരുതി.ഞങ്ങൾ നിർബന്ധിച്ചകാരണമാണ് മുത്തശ്ശി വരാൻ തീരുമാനിച്ചത്.
എന്റെ അനുജത്തി മീര പറഞ്ഞു ഏട്ടാ മുത്തശ്ശിക്ക് ഒരു പുടവ വാങ്ങിക്കൊടുക്കാം. എനിക്കി സമ്മതം പക്ഷ അച്ഛനും അമ്മയും സമ്മതിക്കുമോ. അതു ഞാൻ സമ്മതിപ്പിക്കാം. ഒടുവിൽ ഞശ്ങൾ യാത്ര ആരംഭിച്ചു.
മുത്തശ്ശി വരുന്നത് ഇരുവർക്കുംഇഷ്ടമായില്ല. ഞങ്ങൾ ഗ്രാമ വീതിയിലൂടെ പോയി. ഞങ്ങൾ മുത്തശ്ശിയോട് ഓണക്കാര്യങ്ങൾ ചോതിച്ചു. കുറേനേരം സംസാരിച്ച് സമയം പോയത് അറഞ്ഞില്ല. അങ്ങനെ ഓണത്തെ കുറിച്ച് ഏറെ മനസ്സിലാക്കി.

**സ്നേഹ പി ഒമ്പത് എ**



# കാലത്തിന്റെ മാറ്റം കഥ

അന്നൊരു ശനിയാഴ്ച്ചയായിരുന്നു.ദിവസത്തെക്കുറിച്ച് ഒരു ബോധവുമില്ലാതെ കടത്തിണ്ണകളിലും വഴിയോരങ്ങളിലും എന്നെങ്കിലും തന്റെ മകൻ തന്നെ തേടിയെത്തുന്നതും കരുതി മാധവിയമ്മ കാത്തിരിപ്പിലാണ്.ആ കാത്തിരിപ്പിനിന്നേക്ക് രണ്ട് വർഷംതികയുന്നു.അന്നൊരുശനിയാഴ്ചയായിരുന്നു.രാത്രിയുടെ അന്ധകാരത്തിൽ പ്രസവവേദന കൊണ്ട് പുളയുന്ന മാധവിയമ്മയെയും കൊണ്ട് ആംബുലൻസ് റോഡിലൂടെ ചീറിപ്പായുകയാണ്.ഉള്ളിൽ ഏറെഭയമായിരുന്ന കാരണം.ഏതൊരു ഭാര്യക്കും പ്രസവ സമയത്ത് തന്റെ ഭർത്താവ് അടുത്തുണ്ടായിരിക്കണമെന്നൊരാഗ്രഹമുണ്ടായിരിക്കും.എന്നാൽ സ്വന്തം പ്രസവ സമയത്ത് ഭർത്താവ് ബാലേട്ടൻ അതിർത്തിയിൽ ചൂടും തണുപ്പും സഹിച്ച് രാജ്യത്തെ സേവിക്കുന്ന പട്ടാളക്കാരനാണെങ്കിലും അയാൾക്കുമുണ്ടാവില്ലേ ഭാര്യയെ ആ സമയത്തൊന്ന് കാണണമെന്ന്.പക്ഷേ വേദനിക്കുന്ന ആ രണ്ട് മനസ്സിനും അപ്പോൾ പരസ്പരം



കാണാണാനോആശ്വാസവാക്കുകൾപകരാനോ സാധിച്ചില്ല.വാഹനത്തിൽ തൊട്ടരികത്ത് അയൽപക്കത്തെ രുഗ്മിണിചേച്ചി.അവരെ ആവുന്ന വിധം സമാധാനിപ്പിച്ചു.പക്ഷ എന്ത് ഫലംആശുപത്രിയിലെത്തുന്നത് ബഹളമയം.ആശുപത്രിയിലെത്തി.വളരെവൈകാതെ തന്നെ ബാലേട്ടനും എത്തി.തനിക്കൊരാൺകുട്ടി പിറന്നു.സന്തോഷത്തോടെ ബാലേട്ടൻ തന്റെകൂട്ടുകാരെ വിളിച്ചു.നാളുകൾ കടന്ന് പോയി.ബാലേട്ടന്റെയും മാധവിയുടെയും മകൻ വിനോദ് എന്ന പേരിൽ വളരാൻ തുടങ്ങി.പക്ഷ മകന് നാല് വയസ്സായപ്പോൾ ബാലേട്ടൻ മരണമടഞ്ഞു.പിന്നീടുള്ളകാലംദാരിദ്ര്യം നിറഞ്ഞതായിരുന്നു.ജീവിതത്തിന്റെ യാത്രക്കിടയിൽ മാധവിചേച്ചിയും മകനും ദുഖവും സന്തോഷവും മാറി മാറിയനുഭവിച്ചു.

നവനീത എൻ.എം

# തെങ്ങ്

കേരള നാടിന്നലങ്കാരം
തെങ്ങുകൾ തിങ്ങും പുഴയോരം
തെന്നൽ വന്ന് തലോടുന്നേരം
തെങ്ങോലകളിൽ മന്ദാരം
കേരം ഉത്തമമാം വിഭവം
തണലു തരും തെങ്ങിൻ തോപ്പും
കയറു പിരിക്കാൻ നാര തരും
കത്താൻ വിറകായ് തെങ്ങ് തരും
കേരമരങ്ങൾ സംരക്ഷിക്കാൻ
മലയാളികളേ ഒന്നിക്കൂ

ഫാത്തിമ ടി

ഒൻപത് എ

# ഓർമമകൾ ഓടും വരാന്തകൾ

കവിത

എന്റെ  ഓർമമകൾ പെയ്യുന്ന വീണ്ടും
ആ വിദ്യാലയ  വരാന്തയിലൂടെ
ഓരോ ദിവസവും  വിദ്യാലയം വീ-
ണ്ടു മോർമമപെടുത്തുന്ന ആദ്യാക്ഷരം

അറിവിന്റെ അക്ഷര ഖനിയിൽ നിന്ന്
ആയിരം മുത്തുകൾ വാരിയെടുക്കാൻ
ഞങ്ങൾ     ഇരുട്ടിൽ     നിന്ന്
വെളിച്ചത്തിലേക്ക് താനേ ചെല്ലുന്ന

ആ ഇലഞ്ഞി മരത്തിൻ ചില്ലകളിൽ
എണ്ണം തീരാത്ത  സ്റ്റെപ്പുകളിൽ
ഓർമ്മളേത്തും ക്ലാസ്റൂമും
എന്നോ മറഞ്ഞുപോകുന്ന

ബെഞ്ചിൽ വരച്ച ചിത്രങ്ങളും
നെഞ്ചിൽ മറഞ്ഞു നോട്ടങ്ങളും
അടിപിടികൂടുന്ന വരാന്തയും
ഇന്നോർമ്മകളിൽ മാത്രം

പാഠപുസ്തകത്തിലെ താടി-
ക്കരനും ബീടി വലിക്കും
സായിപ്പും കഷണ്ടിത്തലയൻ
ബഷീറും ഇനി ചിത്രങ്ങളിൽ മാത്രം

ചീത്തകൾ പറയും ടീച്ചറും
ചൂരലെടുക്കും മാഷുംമ്മാരും
അവരുടെ കൂടെ പ്യൂണും
ഇനി ഞങ്ങടെ ഓർമകളിൽ

പത്താം ക്ലാസ്സിലെ  വാശിയും
A+ന വേണ്ടി മത്സരവും
എന്നും നടക്കുന്നു

ഇപ്പോഴിതാ തീരുന്നു
ഞങ്ങടെയുള്ളിലെ ഫ്രണ്ട് ഷിപ്പ്
പത്താം ക്ലാസിതാ കഴിയുന്നു
ഇനി ഞങ്ങൾവെവ്വെറെയാ.....

മനസ്സുകൾ ചിതറിപ്പോകുന്നു
ആ ചിരിയും മാഞ്ഞുപോകുന്നു
ഇനി ഓരോ സ്കൂളിൽ
ഓരോ കൂട്ടുകാരുമൊത്ത്
ഞങ്ങൾ സന്തോഷിക്കും

ആഘോഷിക്കും സെന്റോഫും
കഥകൾ പറയും സെൽഫികളും
കാത്തരിക്കുന്നു ഞങ്ങൾ
ഓരോ  ഓർമ്മകളിലൂടെ..ഓരോ ഓർമ്മകളിലൂടെ.........

# പരിഷ്കാരി

കഥ

എല്ലാമാസവും കൃത്യമായി മാവേലി സ്റ്റോറിൽ പോകുന്ന പതിവുണ്ട്.അവിടത്തെ മിനുസമുള്ള പഞ്ചസാരയും ചെറുപയറും ഉഴുന്നും പിന്നെ അല്ലറ ചില്ലറ വാങ്ങി ഒരു കറങ്ങൽ. പതിവുപോലെ കാറിൽ നിന്നിറങ്ങുമ്പോൾ കാറിന്റെ തൊട്ടു സൈഡിൽ ഒരു പയ്യൻ ബൈക്കുകൊണ്ടു നിർത്തി . ചിമ്മിനിസ്റ്റൗവിന്റെ ബർണ്ണറുപോലമേലോട്ട്പറക്കുന്ന പല വർണ്ണത്തിലുള്ള മുടി .കാതിൽഎന്തോ തൂങ്ങുന്നു.നരച്ച പാന്റ്സ്.എന്റെ മുഖത്തേക്കുനോക്കി ഒരു അളിഞ്ഞ ചിരിയും പാസാക്കി അവൻ പോയി .ഹും ഇവനൊന്നും ഒരു പണിയുമില്ലെങ്കിൽ വീട്ടുകാരെ സഹായിച്ചൂടെ... ഞാൻ കാറിൽ നിന്നിറങ്ങി സഞ്ചിയും തൂക്കി മാവേലി സ്റ്റോറിലേക്ക് നടന്നു സാധനങ്ങൾ വാങ്ങാൻ ക്യൂവിൽ നിന്നു.

എന്റെ ഊഴമെത്തി നെറ്റ് പോയി ചേച്ചി കൗണ്ടറിലിരിക്കുന്നവൾ പറഞ്ഞു .ഫോൺ കണക്ട് ചെയ്യാനും ശ്രമിക്കുന്നുണ്ട്. ആർക്കെങ്കിലും ഫ്രീ നെറ്റുള്ള ഫോണുണ്ടോ റെയ്ഞ്ചും വേണം... കൗണ്ടറിലെ യുവതി വിളിച്ച ചോദിച്ചു. പെട്ടെന്നൊരു ചെറുപ്പക്കാരൻ ഫോണുമായി വന്നു ...ഫോൺ കൊടുത്തു പാസ് വേഡും പറഞ്ഞുകൊടുത്തു.എന്നിട്ടും ശരിയായില്ല. അവസാനം അവൻ തന്നെ നെറ്റ് കണക്ട് ചെയ്തു കൊടുത്തു.ആദ്യം തന്നെ എന്റെ ബില്ല് പേ ചെയ്തു. ഞാൻ അവനെ തന്നെ നോക്കി. അവൻ എന്നെ നോക്കി സൗമ്യമായി പുഞ്ചിരിച്ചു. എന്തൊരു ഭംഗിയാണവന്റെ ചിരിക്ക്.ഇപ്പോൾ ബർണറുപോലയല്ല കൃഷ്ണകിരീടം പോലെ മനോഹരമാണാമുടി.കമ്മൽ അവന്റെ മുഖത്തിന് നല്ല ചേർച്ച.

അവന്റെ ചിരിക്കുമുന്നിൽ കുറ്റബോധത്തോടെ തലതാഴ്ത്തി. എന്റെ കാഴ്ചപാടിനോടെനിക്ക് പുച്ഛം തോന്നി...അവന്റെ വിവര സാങ്കേതിക വിദ്യക്ക് മുന്നിൽ ഞാനൊരു കൊച്ചു കുട്ടി മാത്രമാണ്...പശ്ചാതാപഭാരത്താൽ അവനെ മനസ്സാ നമിച്ചുകൊണ്ട് പുറത്തേക്കിറങ്ങുമ്പോഴും വീട്ടുകാർക്കുവേണ്ടി സാധനവും വാങ്ങി മറ്റുള്ളവർക്കുവേണ്ടി അവിടെതന്നെ നിൽക്കുകയാണ് ആ പാവം പരിഷ്കാരി.



ശ്രീദേവി

# മഴയുടെ ആരവം

കവിത

മാനംകറുക്കുന്ന ഇടിയതാമുട്ടുന്ന
ഓർമകളിലൊഴുകുന്ന പൊൻമഴക്കാലം
മിന്നലുംപിന്നിലായ് മഴയതാപെയ്യുന്ന
കുളിരായ് ചൊരിയുന്ന പൊൻമഴക്കാലം

എന്തൊരുചന്തമാ മാനത്ത് നോക്കുവാൻ
എന്നി ൽ പൊഴിയുമീ പൊൻമഴക്കാലം
മഴവില്ല മാനത്ത് കാണുന്ന ഞാനന്ന്
ആസ്വദിച്ചീടുന്നൊരുമഴക്കാലം

ബാലകരാമഴആസ്വദിച്ചീടുന്ന
പന്തുകളിക്കുന്ന പൊനൻമഴക്കാലം
പുഴയതാചിഹിളുകി നിൽക്കുന്ന
കുടയാമീനുകൾ നൃത്തംചവിട്ടുന്ന

വയലിൽ തവളകൾപാടുന്നതാ
പുതുമഴയുടെസംഗീതം കൂടെയുണ്ട്
വയലിതാ നൃത്തംചവിട്ടുന്ന മഴയത്ത്
കാണാനഴകാണ് ഭംഗിയാണ്

എന്നുടെകൂടെയുണ്ടച്ചമ്മയും അച്ഛനും
അരികത്തുനിൽക്കുന്ന അനുജത്തിയും
ഞങ്ങളാസ്വദിച്ചു മഴയുടെ സുന്ദര
സ്വപ്നങ്ങളും കണ്ടുനിന്നവല്ലോ

പൊൻമഴയതാ പോകുന്ന
പുഞ്ചിരി ളുകുന്ന.സൂര്യനെ കാണാൻ നടുങ്ങിയല്ലോ
ഇടിയും പോയതാ കൂടയായ് മിന്നലും
ഓർമയിൽ ഒഴുകുന്ന പൊൻമഴക്കാലം
പോയില്ല പോില്ല മഴവില്ല മാനത്ത്
പുഞ്ചിരി ളുകുന്ന എന്തുഭംഗി.

ജി എച്ച് എസ് കുളിയാട്

# ഓർമ്മകളിൽ മഴപെയ്യുമ്പോൾ – ഒരുനാൾ ഉമ്മറത്തിണ്ണയിൽ

ഒരുനാൾ

ഞാനിരിക്കവേ....ഉമ്മറത്തിണ്ണയിൽ
എവിടയോ പൊട്ടിത്തെറിക്കുന്നശബ്ദം
എന്നെയും എൻഗ്രാമത്തേയും തഴുകിക്കൊണ്ടാ...
മനം നിറഞ്ഞ് ആഹ്ലാദിച്ചെത്തുകയാ എൻപ്രിയ കൂട്ടുകാരൻ
എൻപ്രിയ കൂട്ടുകാരൻ....
പിന്നിലതാ കല്ലുകൾ വാരിയെറിയുന്ന കൂട്ടുകാർ പോലെ
ഓടിയോടി എന്നെ എറിയാൻ വരുന്നുണ്ട്.
എങ്കിലും എന്നെ രക്ഷിക്കുന്നതെൻ സ്നേഹബന്ധം
അപ്പോഴതാ,എൻ അമ്മ ഓടിയും ചാടിയും മുറ്റത്ത്
ഓടിക്കിതച്ചുകൊണ്ട് അയലിലെ ശീലകൾ വാരിയെടുക്കുന്നു
ഞാനോടവെ തൊട്ടടുത്ത കുളം നോക്കി
എൻ പുത്തൻ കുടയുംഒത്തിരി കൂട്ടരും
മീനുകൾ,ചക്ഷു:കൾ എല്ലാവരും തുള്ളികളിച്ചു കൊണ്ട്
എന്നെ വരവേൽക്കുന്നു.കല്ലുകൾ തീർന്നുവെന്നു
തോന്നുന്നു................................
എന്തേ എറിയാതെ പോവുന്നു.നിർദയം
എവിടെ നിന്നോ ഏങ്കാന്തത വന്നെത്തി.
പക്ഷികൾ കൂടണയുന്നു......
ഞാൻ നിരാശനായി മടങ്ങുമ്പോഴത!
അമ്മ വീണ്ടും അയലിൽ ശീല വിരിക്കുന്നു.
എന്തുകൊണ്ടാണ് കൂട്ടുകാരോക്കെ മടങ്ങി....
ഇനി എങ്ങാനും എന്നോട് പിണങ്ങിയോ?...
എൻ ഓർമ്മയിൽ എപ്പൊഴൊ ഞാനെഴുന്നെറ്റ്
എൻ മുറിയിലെ കിടക്കമേൽ ചാരി മയങ്ങി....
എങ്ങുപോയി കൂട്ടുകാരാ...............

നിലാവ്

എന്നും കാത്തിരിക്കാം കൂട്ടുകാരാ........
എൻമനസിലെ വെളിച്ചമായി വന്നെത്ത്
അതാ   വീണ്ടു തിരികയെ വരുന്നു
എന്നെ എറിയാൻ.........
 എൻപ്രിയ കൂട്ടുകാരൻ........
എൻകൂട്ടുകാരൻ.......
പെട്ടെന്നുണർന്നുഞാൻ നോക്കി
മുറ്റത്തെകാന്തത കണ്ണുപ്പൊത്തിക്കളിക്കുന്നു
എൻപ്രിയകൂട്ടുകാരൻ എവിടെയോ
പോയ് മറഞ്ഞു..........................



ജി എച്ച് എസ് കുളിയാട്

# മഴ

കവിത

മഴ അവളൊരു മഹാസാഗരമാണ്,
എത്ര കണ്ടാലും കേട്ടാലും മതിവരാത്ത മഹാസാഗരം
അവൾ വരുമ്പോഴൊരു  ഉത്സവമാണ്;
ആഘോഷമാണ്,ചെണ്ടേമേള പോലെ കൊട്ടയരും
അവൾ ചിരി ശബ്ദവും അവൾ വരുമെപ്പോൾ പിറകെ ഒരു
കുളിർ തെന്നലുമായ് എൻെറ തൊട്ടു തലോടുന്ന കുളിർതെന്നലുമായി
അവളുടെ മേലഴകോ സൂചി തിളങ്ങും പോൽ മനോഹരം
അവളുടെ വരവ് ഒരിക്കലും മറക്കാത്ത ഓർമ്മപോൽ മൃദുലം;
ജനലിലൂടെ നോക്കുമ്പോൾ
അവൾക്കൊരും പൂവിതറും പോൽ ചന്തം





ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ -2019-2020

നിലാവ്

ജി എച്ച് എസ് കുളിയാട്